കവിത

ശ്രീകൃഷ്ണദാസ് മാത്തൂർ

## കടലിനൊപ്പം സെൽഫി.

**************************

പുറങ്കടലിൽ ഒരു കപ്പൽ നിന്ന്
നാണം ചവുട്ടിയാടുക, ആഴത്തി-
ന്നിക്കിളികളെരികേറ്റി വിട്ട
തിരപ്പൊക്കം തൂവാനം തല്ലുക.
ഉരുട്ടി വരഞ്ഞ അഹമ്മതിലിപി
അടിച്ചുവാരിക്കൊണ്ടേയിരിക്കുക.
ഒരു തുള്ളി എണ്ണയ്ക്ക് തീപിടിച്ചു
സീമന്തരേഖയിലിരുന്നാളുക.
മുങ്ങിപ്പോയ കപ്പൽച്ചേതങ്ങളുടെ
വെള്ളപുതച്ച ദേഹങ്ങൾ നീക്കിയിട്ടുതരിക,
ഈ സായാഹ്നം ഞങ്ങൾക്കിത്
മരീനയിൽ കടലിനോപ്പം സെൽഫി..

കാലം മുറിച്ചിട്ട ഒരു പിടപ്പ് ,
കടൽക്കാക്കയിൽ കയറി, കരയിൽ
വെള്ളികെട്ടിയ മുക്കുവത്തിയായി,
അവൾ വീശിയ ഏറുവലക്കണ്ണിയിൽ
മുഖമർപ്പിച്ച ചുവന്ന അസ്തമയമായ് ,
അടുപ്പിൽ മെലിഞ്ഞ തീയായ് ,
കരിങ്കലത്തിൻ കടവായിൽ തിളയായി.
ഞാനിപ്പം പോകും പോകുമെ-
ന്നുരുവിന്റെ അലതുള്ളൽ ത്വരയായി,
പൊട്ടിപ്പൊട്ടിക്കൊണ്ടേ മിടിക്കുക,
കടലിന്നഹോരാത്ര 'നൃത്തം ചവുട്ടി' മേൽ
കരക്കണ്ണ് തെന്നിത്തെറിച്ചു പായുക,
രക്തമാത്രമാം കാഴ്ചച്ചെളി കുടഞ്ഞി-
ട്ടപാരപാരാവാരത്തിരകളിൽ മുങ്ങുക,
ഈ സായാഹ്നം ഞങ്ങൾക്കിത്
മരീനയിൽ കടലിനോപ്പം സെൽഫി..